# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 154 07.12.2015-ൽ മറുപടിയ്ക്ക്

## <u>ഓപ്പറേഷൻ കുബേര</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. എൻ.എ.നെല്ലിക്കുന്ന്<br>ശ്രീ.പി.ഉബൈദുള്ള<br>ശ്രീ.സി.മോയിൻ കുട്ടി<br>ശ്രീ.റ്റി.എ.അഹമ്മദ് കബീർ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ഓപ്പറേഷൻ കുബേര നടപടിയെ അതിജീവിച്ചും ബ്ലേഡ് മാഫിയ പ്രവർത്തനം നിലനില്ക്കുന്നതിന്റെ കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) ഓപ്പറേഷൻ കുബേര നടപടിയെ അതിജീവിച്ചും ബ്ലേഡ് മാഫിയ പ്രവർത്തനം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അംഗീകൃത പണമിടപാട് സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുന്നതിനു നടപടി ക്രമങ്ങൾ മൂലം ഉണ്ടാകുന്ന കാലതാമസവും അത്യാവശ്യ ഘട്ടങ്ങളിൽ പ്രത്യേകിച്ച് വിവാഹം, വിദ്യാഭ്യാസം തുടങ്ങിയ ആവശ്യങ്ങൾക്കും മറ്റും പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും സമയത്തിന് വായ്പ ലഭിക്കാത്ത അവസരത്തിലും, തക്ക സമയത്ത് ആവശ്യമായ പണം ബ്ളേഡ്കാരിൽ നിന്നും ലഭിക്കുമെന്നതിനാൽ ഭാവിയിലുള്ള ഭവിഷ്യത്തുകളെ കുറിച്ച് ചിന്തിക്കാതെ രഹസ്യമായി ബ്ളേഡ് മാഫിയകളിൽ നിന്നും വായ്പ കൈപ്പറ്റുകയും, തിരിച്ചടക്കാൻ കഴിയാതെ വരുന്ന സന്ദർഭങ്ങളിൽ മാത്രം വായ്പയെ കുറിച്ച് പരസ്യമാക്കുകയും ചെയ്യുന്ന പ്രവണത ജനങ്ങളിൽ നിലനിൽക്കുന്നതിനാൽ ബ്ളേഡ് മാഫിയകളെ തുടക്കത്തിൽ തന്നെ കണ്ടെത്താൻ സാധിക്കാതെ വരുന്നുണ്ട്. |
| (ബി) ഇക്കാര്യത്തിൽ പോലീസിന്റെ ഭാഗത്തു നിന്നും ബ്ലേഡ് മാഫിയയെ സഹായിക്കാനുള്ള പരോക്ഷ നടപടികൾ ഉണ്ടായിട്ടുള്ളതായ ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) പോലീസിന്റെ ഭാഗത്തുനിന്നും ബ്ലേഡ് മാഫിയയെ സഹായിക്കാനുള്ള പരോക്ഷ നടപടികൾ ഉണ്ടായിട്ടുള്ളതായുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഇതുമായി ബന്ധപ്പെട്ട് രണ്ട് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും, രണ്ട് |

പോലീസുദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തിട്ടുള്ളതുമാകുന്നു. ബ്ലേഡ് മാഫിയ പ്രവർത്തനങ്ങളെ കർശനമായി നിരീക്ഷിക്കുക എന്ന ലക്ഷ്യത്തോടെ ഓപ്പറേഷൻ കുബേരയുടെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുവാനായി ലോക്കൽ പോലീസിലെയും, ക്രൈംബ്രാഞ്ചിലെയും എസ്.പി.മാരെ ഉൾക്കൊള്ളിച്ചുകൊണ്ട് ട്രെയിനിംഗ് നൽകുവാനും അതുവഴി പോലീസുദ്യോഗസ്ഥരെ ബ്ലേഡ് മാഫിയ രംഗത്ത് കൂടുതൽ ജാഗരൂകരാക്കാനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ ഇതുമായി ബന്ധപ്പെട്ട് നടത്തിയ റെയിഡുകൾ, രജിസ്റ്റർ ചെയ്യപ്പെട്ട കേസുകൾ, ചാർജ്ജ് ഷീറ്റ് സമർപ്പിക്കപ്പെട്ട കേസുകൾ, അറസ്റ്റു ചെയ്യപ്പെട്ടവരുടെ എണ്ണം, പിടിച്ചെടുത്ത തുക തുടങ്ങിയ വിവരങ്ങൾ സമയ ബന്ധിതമായി അവലോകനം ചെയ്തു വരുന്നുണ്ട്. ബ്ലേഡ് മാഫിയ റെയ്ഡുമായി ബന്ധപ്പെട്ട് 11.05.2014 മുതൽ 01.12.2015 രാവിലെ 6.00 മണിവരെ 14156 റെയ്ഡുകൾ നടത്തുകയും, 3238 കേസുകൾ രജിസ്റ്റർ ചെയ്യുകയും, 2133 പ്രതികളെ അറസ്റ്റ് ചെയ്യുകയും, 4,66,34,615 രൂപ കണ്ടെടുക്കുകയും ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ **അനുബന്ധമായി** ചേർത്തിരിക്കുന്നു.

(സി) ബ്ലേഡ് മാഫിയയ്ക്കും,അതിന് ഒത്താശ ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥർക്കുമെതിരെ ശക്തവും, ഫലപ്രദവുമായ നടപടികൾ സ്വീകരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

(സി) ബ്ലേഡ് മാഫിയ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അത്തരക്കാർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിക്കുന്നതാണ്. അതിന് പോലീസ് ഉദ്യോഗസ്ഥരാരെങ്കിലും ഒത്താശ ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അത്തരക്കാർക്കെതിരെ ശക്തവും, ഫലപ്രദവുമായ നിയമ നടപടികളും വകുപ്പു തല നടപടികളും സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

അനുബന്ധം

# ബ്ലേഡ് മാഫിയ റെയ്ഡ്

11.5.14 6 am to 01.12.2015 6 am

| ജില്ല | എത്ര റെയ്ഡുകൾ നടത്തി | എത്ര കേസുകൾ രജിസ്റ്റർ ചെയ്തു. | അറസ്റ്റ് ചെയ്ത പ്രതികളുടെ എണ്ണം | റെയ്ഡിൽ കണ്ടെത്തിയ തുകയുടെ വിവരങ്ങൾ |
|---|---|---|---|---|
| TVM C | 404 | 136 | 55 | 602060 |
| TVM RL | 540 | 94 | 61 | 574880 |
| KLM C | 846 | 181 | 110 | 2224723 |
| KLM RL | 1187 | 259 | 184 | 2108022 |
| PTA | 499 | 93 | 50 | 558240 |
| ALPY | 1572 | 218 | 99 | 3089200 |
| KTM | 1467 | 169 | 129 | 2278142 |
| IDK | 1707 | 204 | 161 | 1027040 |
| EKM C | 564 | 181 | 171 | 5624750 |
| EKM RL | 1349 | 279 | 177 | 10226030 |
| TSR C | 246 | 91 | 106 | 321560 |
| TSR RL | 447 | 124 | 85 | 3937635 |
| PLKD | 1335 | 532 | 329 | 4263248 |
| MPM | 471 | 189 | 133 | 3495390 |
| KKD C | 308 | 114 | 33 | 910645 |
| KKD RL | 265 | 197 | 119 | 565350 |
| WYND | 174 | 43 | 40 | 403150 |
| KNR | 353 | 78 | 56 | 4268000 |
| KSGD | 422 | 56 | 35 | 156550 |
| **TOTAL** | **14156** | **3238** | **2133** | **46634615** |

Majlu

രമേശ് ചെന്നിത്തല